# Weekly Devotion -October 2017

## ശാപത്തിന്റെ പർവ്വതം ഉരുകുന്നു

## ( The Mountain of Curse, Melts)




ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതായപ്പോൾ തന്റെ സൃഷ്ടികളെ ഓർത്ത് ഭാരപ്പെട്ട യഹോവ താൻ ഭൂമിയിൽ സൃഷ്ടിച്ച സകലതിനെയും ഭൂമിയോടുകൂടെ നശിപ്പിക്കുവാൻ തീരുമാനിച്ചു. മനുഷ്യരുടെ അതിക്രമം ഭൂമിയിൽ പെരുകിയ താണ് ന്യായവിധി നടപ്പാക്കുവാനുള്ള തീരുമാനം എടുക്കുവാൻ കാരണം ആയ ത്. പാപം പെരുകുന്നിടത്ത് ന്യായവിധി ഉണ്ടാകുമെന്ന് ദുരന്തങ്ങൾക്കുമുമ്പ് ദൈവം മുന്നറിയിപ്പ് നൽകിയിരുന്നു. ജലപ്രളയത്തിന് മുമ്പ് നോഹയേയും, സോദോം ഗോമറ അഗ്നിക്കിരകളാകും മുമ്പ് ദൂതന്മാരെയും ദൈവം മുന്നറി യിപ്പ് നൽകുവാൻ അയച്ചിരുന്നു. ന്യായവിധിയുടെ ആദ്യ വെള്ളത്തുള്ളി ഭൂമി യിൽ വീഴും മുമ്പ് യഹോവ പെട്ടകത്തിന്റെ വാതിലടച്ചതിന്റെ കാരണം, രക്ഷ, പെട്ടകത്തിനകത്താകയാലാണ്. സോദോമിൽ നിന്ന് ചിലരെ പുറത്താക്കിയത് രക്ഷ സോദോമിന് പുറത്താകയാലാണ്. ശാപത്തിൽ നിന്ന് രക്ഷപെടുവാൻ സമയം നൽകിയിട്ടേ ന്യായവിധി അവൻ നടപ്പാക്കുകയുള്ളൂ.

യഹോവ എഴുന്നേറ്റ് ഭൂമിയുടെ ഉന്നതികളിൽ നടക്കുമ്പോൾ അവന്റെ കാൽക്കീഴിൽ പർവ്വതം ഉരുകുന്നത് തീയിങ്കൽ മെഴുക് ഉരുക്കും പോലെയാണ്. സങ്കീ ( 97:5) ൽ “ യഹോവയുടെ സന്നിധിയിൽ  സർവ്വ ഭൂമിയുടെയും കർത്താ വിന്റെ സന്നിധിയിൽ പർവ്വതങ്ങൾ മെഴുകുപോലെ ഉരുകും എന്നു കാണാം. പാപം ഒരിക്കലും അതിന്റെ ഉഗ്രതയിൽ ആരെയും സമീപിക്കുകയില്ല. ലഘുവായ വിഷയങ്ങളിലൂടെ മാത്രമേ സാത്താൻ ഒരാളുടെ ഉള്ളിൽ കടക്കുകയുള്ളു. പ്രലോ ഭനങ്ങൾ പാപത്തിന്റെ വാതിൽക്കലേക്ക് നമ്മെ നയിക്കുമ്പോൾ ശാപത്തിന്റെ

പർവ്വതം ദൈവീക സാമിപ്യം നമുക്ക് നഷ്ടമാക്കുന്നു. പർവ്വതങ്ങൾ വിഗ്രഹാരാധനയുടെ സ്ഥലമായിട്ടാണ് കരുതുന്നത്. ഏറ്റവും ഉയരത്തിലെത്തുന്നവർ ദൈവത്തോട് കൂടുതൽ അടുക്കുന്നു, എന്ന മിഥ്യാധാരണയാണ് പാപത്തിലവരെ വീഴ്ത്തുന്നത്. സ്വാർത്ഥ ചിന്തകൾ വരുത്തുന്ന അഹങ്കാരം, പണത്തോടുള്ള ആർത്തി ഇവ എല്ലാം ദൈവീക സാന്നിദ്ധ്യം നഷ്ടമാക്കുകയും പാപം മൂലം ശാപത്തിന്റെ പർവ്വതം ഉയരുകയും ചെയ്യുന്നു. വെളി (6 :15,16) വാക്യങ്ങളിൽ യഹോവയുടെ ന്യായ വിധിയിൽ  പർവ്വതം ആരെയും രക്ഷിക്കുന്നില്ല എന്ന് കാണാം.

പർവ്വത സമാനമായ പാപപ്രവർത്തികൾ ചെയ്ത യെഹൂദദേശത്തോട് നൽകുവാനുള്ള മുന്നറിയിപ്പാണ്  യെഹസ്കേൽ പ്രവാചകന് യഹോവ നൽകുന്നത് ( യെഹ : 6:2) യെഹോവയുടെ സാന്നിദ്ധ്യം മൂലം ശാപപർവ്വതം ഉരുകും  എന്ന് മനസ്സിലാക്കിയ നാം ഓരോരുത്തരും പ്രവാചകരെ പോലെ ധൈര്യമായി മുന്നറിയിപ്പ് നൽകണം. പാപത്തിന്റെ വിത്തുകൾ നമ്മുടെ ഹൃദയത്തിൽ  മുളച്ചുവരാതെ സൂക്ഷിച്ചാൽ ശാപ പർവ്വതം ഉയരാതെ സൂക്ഷിക്കാം. ഈ പർവ്വതം പൂർണ്ണമായി ഉരുകുന്നതിനുള്ള ഏകമാർഗ്ഗം “ തീ”  നമ്മളിൽ കെടാതെ കത്തണം. ആരാധനയിൽ തീ കത്തിയേ മതിയാകുകയുള്ളൂ. ബാലിന്റെ പ്രവാചകന്മാർ ചെയ്തതുപോലെ യാഗപീഠം ശരിയാക്കാതെ തുള്ളി ബഹളം വച്ചാൽ തീകത്തുകയോ പർവ്വതം ഉരുകുകയോ ചെയ്യില്ല. എന്നാൽ ഏലിയാവ് ചെയ്യേണ്ടതുപോലെ ചെയ്ത് പ്രാർത്ഥിച്ച് തീ ഇറക്കിയതുപോലെ ഭവനങ്ങളിൽ യാഗം നടന്നാൽ ശാപത്തിന്റെ പർവ്വതം നിശ്ചയമായി ഉരുകും. കുടുംബാരാധനയിലെ ശക്തി നഷ്ടമായാൽ തീ ഇറങ്ങുകയും ഇല്ല  ശാപം ഉരുകുകയും ഇല്ല. അതിനാൽ ദൈവവചനത്താലും പ്രാർത്ഥനായാലും അവന്റെ സാന്നിദ്ധ്യം മൂലം തീയിറക്കി ശാപ പർവ്വതങ്ങൾ ഉരുക്കുവാൻ ദൈവം സഹായിക്കട്ടെ.

## പ്രാർത്ഥന

ഭൂമിയുടെ ഉപരിതലങ്ങളിൽ കൂടി നടകൊണ്ട് പർവ്വതങ്ങളെ കാൽക്കീഴിൽ മെഴുകുപോലെ ഉരുക്കുന്ന ദൈവമേ, പാപത്തെയും ദൈവത്തെയും ഭയപ്പെടുന്നവരാക്കി ഞങ്ങളെ തീർക്കേണമേ പാപം പെരുകുന്നത് ശാപത്തിന്റെ കരങ്ങളിൽ എത്തിക്കുമെന്നും തുടർന്ന് ന്യായവിധിയുണ്ടെന്നും പഠിപ്പിച്ചതിനായി സ്തോത്രം. ശാപത്തിന്റെ പർവ്വതത്തെ ഉരുക്കുവാൻ പാപത്തെ ഉപേക്ഷിച്ച് ആരാധിച്ച് അങ്ങയുടെ സാന്നിദ്ധ്യത്താൽ അതിനെ ഉരുക്കുവാൻ കൃപ ചെയ്യണമേ യേശുവിൽ നാമത്തിൽ തന്നെ,

ആമേൻ

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind